

നവതി അമൃതം
90th
വാർഷികം

# സമർപ്പണം



മോസ്റ്റ്. റവ.പൗലോസ് മാർ പീലക്സിനോസ് മെത്രാപോലീത്ത

(ഹൈസ്കൂൾ സ്ഥാപകൻ)

# എഡിറ്റോറിയൽ

എല്ലാം ഓർമ്മകളാകുമ്പോൾ എന്നും നമ്മുടെ സ്കൂൾചരിത്രവും
ആഘോഷങ്ങളും കലാകാരന്മാരുടെ കഴിവുകളുമായി ബന്ധപ്പെട്ട എല്ലാ
കാര്യങ്ങളും നവതി അമൃതം എന്ന മാഗസിനിൽ പ്രസിദ്ധികരിച്ചിരിക്കുന്നു.
അത് എത്രമാത്രം വിജയിച്ചുവെന്ന് പറയേണ്ടത് ബഹുമാന്യരായ
വായനക്കാരും കാഴ്ച്ചക്കാരുമാണ്.ഈ മാഗസീൻ പ്രസിദ്ധികരിക്കുന്നതിന്റെ പിന്നിൽ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പിന്നെ ഞങ്ങളുടെ എല്ലാമായ ടീച്ചർമാരും തന്നെയാണ്.
അവധിക്കാലം കഴിഞ്ഞാലും ഒന്ന് തിരിഞ്ഞു പഴയ ഓർമ്മകൾ പുതുക്കിക്കൊണ്ട് നവതി അമൃതം
എന്ന മാഗസീൻ സമർപ്പിക്കുന്നു..

എന്ന്

എഡിറ്റോറിയൽ ബോർഡ്

# സന്ദേശം



വിദ്യാർത്ഥികളിൽ ഒളിഞ്ഞുക്കിടക്കുന്ന
സർഗ്ഗാത്മകമായ ധാരാളം കഴിവുകളുണ്ട്.
അതെല്ലാം പൊടിതട്ടിയെടുത്ത് പുറത്തേക്ക്
കൊണ്ടുവരാൻ സഹായിക്കുന്ന കൈററ്സിൻെറ
സംരംഭമാണ് നമ്മുടെ ലിററിൽ കൈററ്സ്.
ഇതിൽ പ്രവർത്തിക്കുന്ന എല്ല അംഗങ്ങൾക്കും
വിവരവിനിമയ സാങ്കേതിക വിദ്യയിൽ മുന്നേറുവാനും
അവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും ധാരാളം
അവസരങ്ങൾ ലഭിക്കട്ടെ.ഡിജിററൽ മേഗസീൻ തയ്യാറാക്കിയ എല്ല
ലിററിൽ കൈററ്സ് കുട്ടുക്കാർക്കും ആശംസകൾ നേരുന്നു.

എന്ന്
ഹെഡ് മിസ് ട്രസ്സ്
മേർസി ടീച്ചർ

# ആമുഖം

- വിഫലമായ യാത്ര
- BETTER HALF
- ഓർമ്മച്ചെപ്പ്
- CRESCENT OF HOPE
- മഴമർമരങ്ങൾ
- സ്ക്രൂൾ ക്യു ആർ കോഡ്
- വിരൽ തുമ്പിൻെറ മായാലോകം
- പ്രതിഭയെ ആദരിക്കൽ
- അമ്മ

- സ്കൗട്ട്
- ഡിജിറ്റൽ പൂക്കള മത്സരം
- ലിറ്റിൽ കൈറ്റ്സ്
- സ്പോർട്സ്
- സ്കൂൾ ആക്ടിവിറ്റീസ്
- കൃഷി
- ഡ്രഗ് അബ്യൂസ് ക്ലബ്
- റെഡ് ക്രോസ്

# വിഫലമായ യാത്ര

പുറത്ത് മഴ തിമിർത്തു പെയ്തു കൊണ്ടിരുന്നു. ഇടിമിന്നലിൻറെ ശക്തിയിൽ ജനലുകൾ കുലുങ്ങി. എവിടെയോ കുറുക്കന്മാർ ഓരിയിടുന്ന ശബ്ദം. ഉമ്മറത്ത് ക്ലോക്കിൽ മണി രണ്ടുതവണ അടിച്ച പ്പോഴാണ് താൻ ഇപ്പോഴും ഉറങ്ങിയിട്ടില്ലന്ന് രവി ഓർത്തത്. തലയിൽ കൂടി പുതപ്പ് വലിച്ചിട്ട് അവൻ ഒന്നുകൂടി നിവർന്നു കിടന്നു. പഴകിയ കട്ടിലിൻറെ പലകകൾ കര കരാ കരഞ്ഞു . അടുത്തുള്ള പള്ളിയിൽ സുബഹി ബാങ്ക് വിളി കേട്ടപ്പോൾ രവി ഞെട്ടി ഉണർന്നു .അപ്പോഴാണ് അവൻ ഓർത്തത് ഇന്നത്തെ ദിവസത്തിൻറെ പ്രത്യേകത. ഇന്ന് അവൻറെ അച്ഛൻ ജയിലിൽ നിന്ന് വരുന്ന ദിവസമാണ്. 14 വർഷത്തിനുശേഷം. എന്തിനാണ് അച്ഛൻ ജയിലിൽ പോയതെന്ന് അവനു മനസ്സിലായിരുന്നില്ല. പിന്നെ പിന്നെ എല്ലാം അറിഞ്ഞു. ."

തൻറെ അമ്മയുടെ ഏതോ ബന്ധത്തിൻറെ പേരിൽ അച്ഛൻ അമ്മയെ തലക്കു വെട്ടിയതും എല്ലാം അന്ന് രണ്ടു വയസ്സുള്ള തനിക്ക് മനസ്സിലായിരുന്നില്ല. വളരുമ്പോഴും അമ്മയുടെ വീട്ടുകാർ തന്നെ ഏതോ ശത്രുവിൻറെ മകൻ എന്ന നിലയിലായിരുന്നു കണ്ടിരുന്നത്. അതിൽ അവനോടു കുറച്ചെങ്കിലും സ്നേഹം കാണിച്ചിരുന്നത് അമ്മാവൻറെ മകൾ സേതുലക്ഷ്മി ആണ്. പിന്നീട് എപ്പോഴോ അവൻ അറിഞ്ഞു അവൾ ആരുടെയോ കൂടെ ബോംബെയ്ക്ക് പോയെന്ന്. രവി മെല്ലെ എഴുന്നേറ്റു മുഖം കഴുകി പുറത്തേക്ക് നടന്നു. അവൻറെ കുട്ടിക്കാലത്ത് തന്നെ അവൻ തീരുമാനിച്ചതാണ് അച്ഛൻ വരുന്ന ദിവസം അമ്മയുടെ വീട്ടിൽ നിന്ന് അച്ഛൻറെ അടുത്തേക്ക് പോകണമെന്ന്. ഇവരുടെ കൂടെ ഒരു കൊലയാളിയുടെ മകനായി നിൽക്കാൻ അവന് താൽപര്യമില്ലായിരുന്നു. അവൻ മെല്ലെ നടന്നു. കവലയിലുള്ള ദാസേട്ടൻ റെ കടയിൽ നിന്ന് അവൻ ഒരു ചായ വാങ്ങി കുടിച്ചു. അപ്പോഴാണ് അവിടെനിന്ന് ഒരു ചോദ്യം ഉയർന്നത്

എടാ ഇന്നല്ലേ നിൻറെ അച്ഛൻ വരുന്നത്" അവൻ അത് കേൾക്കാത്ത മട്ടിൽ ചായകുടിച്ച് കടയിൽ നിന്ന് ഇറങ്ങി നടന്നു. കവലയിൽ നിന്ന് ബസ് കയറി, അച്ഛൻറെ നാട്ടിലേക്ക്. അച്ഛൻ തന്നെ തിരിച്ചറിയുമോ ഇല്ലയോ എന്നായിരുന്നു അവൻറെ ചിന്ത. ഒരിക്കൽ അടുത്ത വീട്ടിലെ ഷംസുക്കയുടെ കൂടെ അച്ഛനെ കാണാൻ അവൻ ജയിലിലേക്ക് പോയിരുന്നു. അന്ന് അച്ഛൻ അവനെ കണ്ട് കുറെ കരഞ്ഞു. പിന്നീടൊരിക്കലും അവൻ അച്ഛനെ കാണാൻ പോയിട്ടില്ല. ഇപ്പോൾ ആറു വർഷം കഴിഞ്ഞു.

വണ്ടിയിലിരുന്ന് അവൻ ഒന്നു മയങ്ങി. കണ്ടക്ടർ വിളിച്ചപ്പോഴാണ് അവൻ ഉണർന്നത്. തനിക്ക് ഇറങ്ങേണ്ട സ്ഥലം എത്തിയിരിക്കുന്നു എന്ന് അവനു മനസ്സിലായി. അടുത്തുള്ള ഓട്ടു കമ്പനിയിൽ നിന്ന് എട്ടു മണിയുടെ സൈറൺ മുഴങ്ങി. അവൻ റെയിൽവേ ഗേറ്റ് അരികിലൂടെ നടന്നു. കുറച്ചകലെ ഒരാൾക്കൂട്ടം കണ്ടു. അവൻ അത് ശ്രദ്ധിക്കാതെ നടന്നു. അപ്പോൾ ആരോ പറയുന്നത് കേട്ടു."ഒരാൾ ട്രെയിനിടിച്ച് മരിച്ചിരിക്കുന്നു. കണ്ടിട്ട് ജയിലിൽനിന്ന് വരുന്ന ഒരാളെപ്പോലെ തോന്നുന്നു ." അവസാന വാചകം അവൻ കേട്ടില്ല. ട്രെയിനിടിച്ച് മരിച്ചത് അവൻറെ അച്ഛൻ ആയിരുന്നു. പക്ഷേ അത് അവൻ അറിഞ്ഞിരുന്നില്ല.. അത് അറിയാതെ അവൻ നടന്നു......... മെല്ലെ അച്ഛൻറെ വീട്ടിലേക്ക്. മനസ്സിൽ ഒരുപാട് സ്വപ്നങ്ങളുമായി........

SANA NASRIN
9C

9C



# BETTER HALF

A friend,counsellor,confident
An extension of my self
Cherishing each moment we spend
Three years of togetherness
Swiped in memories for life time

Thanking you for what you are
Grateful to you for your love
My life confident,soulmate
My better half

Anju miss

# ഓർമ്മച്ചെപ്പ്

ഒടുവിലീപ്പടിയിറങ്ങുന്ന നേരത്ത്
ഒരുതുള്ളി കണ്ണുനീർ ബാക്കിയാക്കി
ഓർമ്മകളിലെവിടെയോ വിരൽ തൊട്ടുണർത്തുന്നു
ഓമൽ വിദ്യാലയം മാത്രമായി
മാമ്പൂമണക്കുന്ന നാട്ടുവഴികളും
വയലുകളും പൂവും പക്ഷികളും
ഒരു തരിവെട്ടമായി അഗ്നിയായ് മഴയായി
പെയ്തിറങ്ങുന്നു എൻറെ വിദ്യാലയം
ഗ്രാമവിശുദ്ധിതൻ തേക്കുപാട്ടുണരുന്ന
മുണ്ടകൻ കൊയ്യുന്ന വയൽ വരമ്പും
ദേശാടന പക്ഷി ചിറകടിച്ചുയരുന്ന
കോൾപടവിൻറെ ചാരുതയും

ഓർമ്മകളിലാരോ തൊട്ടുണർത്തി ടുന്നു
മങ്ങാടിൻ കാറ്റിൻ തേങ്ങലോടെ
ചിതലരിചെത്തുന്ന ഓർമ്മകൾക്കുള്ളിലും
അഴലും സാമോദവും വീശിട്ടുമ്പോൾ
ഗ്രന്ഥശാലക്കുള്ളിൽ ഏതോ
കിനാകോണിൽ
മൗനം തിരഞ്ഞു നിന്നിടുമ്പോൾ
ഇനിയുള്ള യാത്രയ്ക്കായി പടിയിറങ്ങുമ്പോഴും
നനവുള്ള ഓർമ്മയായി എൻറെ വിദ്യാലയം
തിരികെ എത്തും ഞാനീ
പടികടന്നൊരുനാളിൽ
ഓമൽ വിദ്യാലയ കാഴ്ച കാണാൻ
അന്നും തിരയുന്ന വദനങ്ങളോരോന്നും
ഇന്നുമെൻ ഓർമ്മയിൽ തെളിഞ്ഞിടുന്നു

റൈസി ടീച്ചർ

# CRESCENT OF HOPE

*Hey ! Man*
*Why you trammelling*
*So fast and haste*
*To where?and why?*
*No I’m busy*
*With my chores*
*Stumping and panting*
*Challenging and screaming*
*Can’t you hear me*
*Seeking selfishly*
*Comfort corners*
*Yelling , lamenting*

*Blaming and complaining*
*Are you OK?*
*Seeking my own world*
*Unwilling to change*
*Suffering eyes*
*Cursing tongues*
*Don’t you see?*
*Never , Never, Advice , suggestions*
*Mear a hindrance in my paths*
*Hear only one thing*
*The fast you walk*
*The fast reach your grave yard*
*Oh! No*
*But can’t stop*
*This is my way*
*Whatever it may be*

*Jency miss*

# മഴമർമരങ്ങൾ

ചുററിലും കാട്ടുചെമ്പകത്തിൻെറ മണം  പരന്ന   ഒരു രാത്രിയിൽ ഹെലേന മരിയ ഉറക്കത്തിൽ നിന്നു ഞെട്ടിയുണർന്നു.തുറന്നിട്ട കിളിവാതലിനപ്പുറത്ത് നിഴൽ നിലാവുമായി സംഗമിക്കുന്നു. മഴയുടെതുടക്കം.ഇലകളുടെ മർമരം. അവൾ കണ്ണുകളടച്ചു കിടന്നു.കനത്ത കമ്പളം പുതച്ച് ചുററിലും ഇരുട്ട്. അന്നേരം തവളകൾ കൂട്ടത്തോടെ കരഞ്ഞു .മനസ്സിൽ കൂട്ടുകൂട്ടിയ വലിയൊരു കടലിരമ്പം അസ്വാസ്ഥ്യമായി പുനർജനിച്ചു .കാതോർത്തലറിയാം അലോസരപ്പെടുത്തുന്ന ആ കൂട്ടക്കരച്ചിൽ ആമ്പൽക്കുളത്തിൽ നിന്നാണെന്ന്.

അമ്മാമ്മവീടിൻെറ പടിഞ്ഞാരെ പുഞ്ചയോട്ടു ചേർന്ന് ചെറിയൊരു ആമ്പൽ കുളം.മഴക്കാലമായാൽ തവളകളുടെ വിഹാരകേന്ദ്രമാണ് അവിടം.

"എടീ ബാനു ......നീയും കൂടിയൊന്നു വന്നേ..”

ആമ്പൽ കുളത്തിലെ വെള്ളത്തിൽ നിന്നു തലപ്പൊക്കി നോക്കുന്ന പോക്രാച്ചി തവളകളെ കല്ലെറിഞ്ഞു ഓടിക്കണം.കല്ലെറിയാൻ കൈ പൊക്കമ്പോഴെക്കും അവററകൾ വെള്ളത്തിനടിയിലേക്ക് മുങ്ങാംകുഴിയിടും. കൂട്ടുക്കാരായ നിക്സണും  സിമിയും  ബാനുവും എത്ര ശ്രമിച്ചിട്ടും തവളകളെ തുരത്താൻ ആയില്ല.പിന്നീടുള്ള രാത്രികളിൽ തവളക്കരച്ചിൽ ഹെലനയിൽ ദു സ്വപ്നങ്ങൾക്ക് വഴിയൊരിക്കി.

വേനൽക്കാലമായാൽഅവൾ മമ്മിയുടെ വീട്ടിലെത്തും.അവിടെ അമ്മാമ്മയുണ്ട്. നഗരമെത്താത്ത നാട്ടിൻപ്പുറം. അമ്മാമ്മവീടിമോട് ചേർന്ന് വിശാലമായ തെങ്ങിൻ തോപ്പുകൾ,നെൽക്കതിർ വയലുകൾ..... ഹെലേന എത്തുമ്പോഴേക്കും മാവിൻക്കൊമ്പത്ത് ഒരു

ഊഞ്ഞാൽ ഇട്ടിട്ടുണ്ടാവും ബാനുവിൻെറ അച്ഛൻ ഹൈദർക്കാക്ക.ഉച്ചത്തിൽ ഊഞ്ഞാലാട്ടാൻ മിടുക്കനെ്ന്നിക്സുൺ കൂട്ടത്തിൽ ബലവാനു
വേനലവതിയിൽ കൂട്ടുക്കാർ
ഒന്നിച്ച് ഊഞ്ഞാലാടി രസിക്കുന്ന സമയത്താണ് വേലിപ്പടർപ്പുകൾക്കപ്പുറത്ത് ഒരാളെ ബാനു കണ്ടത്അയാൾ കുട്ടികളെ ശ്രദ്ധപ്പൂർവ്വം
വീക്ഷിക്കുകയായിരുന്നു.

"മക്കളെ....." അയാൾഅവർക്കരികിലേക്ക് വന്നു. "ആരാ? ബാനുവാണ് ചോദിച്ചത്.

ഞാനങ്ങ് ദൂരെ നിന്നാ.... സ്വർണ പണിയാ......." "എന്താ വേണ്ടേ....."

"ഈ കൊച്ചിൻെറ കഴുത്തിലെ മാല കണ്ടില്ലേ.അപ്പടി നിറം പോയി,ചെളിയുമുണ്ട്.

എനിക്കിത് നന്നാക്കാൻ കഴിയും മാല വെട്ടിത്തിളങ്ങും.വേണമെങ്കിൽലോക്കററായി ഒരു പൊന്നിൻ കുരിശ്ശും
പണിയാം."

കുഞ്ഞു ഹെലേനയ്ക്ക് ആവേശമായി .അവൾ മാലയിലേക്ക് നോക്കി.ശരിയാണ്....മാലയിൽ അപ്പടി അഴുക്കാണ്.നിറവും പോയി.
അവൾ മാല ഊരി നൽകി.അടുത്തയാഴ്ച്ച വരാമെന്നു പറഞ്ഞു ഐസ്ക്രീം വാങ്ങാനായി രണ്ടു രൂപയും നൽകി അപരിചിതനും
യാത്രയായി. വൈററിലപ്പിള്ളി തറവാട്ടിലെകുഞ്ഞിൻെറ സ്വർണമാല മോഷണം പോയ വിവരം നാട്ടിലാകെ പരന്നു.
ഹെലേനയും കൂട്ടുക്കാരും അപരിചിതൻെറ വിവരങ്ങൾ നാട്ടുക്കാർക്ക് വിവരിച്ചു കൊടുത്തു.കേട്ട മാത്രയിൽ അവർക്ക് ഒരു കാര്യം ഉറപ്പായി.
ആൾ അടുത്ത ഗ്രാമത്തിലെ കള്ളൻ അന്തോണി തന്നെ.! നാട്ട്ുക്കാരുടെ സഹായത്താൽ പോലീസ് കള്ളനെ പിടിച്ചു ജീപ്പിലിട്ടു. ഇനി
മൊഴിയെടുക്കണംഅമ്മാമ്മക്കൊപ്പം ഹെലേന മരിയ പോലീസ് ജീപ്പിൻെറ പിൻ സീററിൽ ഇരുന്നു.ജീപ്പിൽ നിലത്ത് കള്ളൻ അന്തോണി
ഇരിക്കുന്നു.ദേഹമാസകലം അടിയേററ പാടുകൾ!

പോലീസ് എത്തുമുമ്പ് നാട്ടുകാർ എടുത്തിട്ട് പെരുമാറിക്കാണും.അന്തോണി കുററം സമ്മതിച്ചിരിക്കുന്നു.അയാളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു.

ഹെലനയ്ക്ക് കരച്ചിൽ വന്നു.അമ്മാമ്മയുടെ തഴുകലേററ് അവൾ കണ്ണുകളടച്ചു.

“ ഹേയ് ഹെലേന.... വാട്ട്സ് ഹേപ്പൻഡ് ററു യു? വൈ ആർ യു ക്രൈയ്യിംഗ്.....“

യു എസിലെ വൻ നഗരമായ ഫിലഡൽഫിലയിലെ കീൻസ് വില്ലയിലെ പട്ടുമെത്യിൽ കിടന്നു കരയുകയാണ് ഹെലന. അരികത്ത് ഭർത്താവ് ജിക്സൺ .നേരം പുലർന്നിരിക്കുന്നു.കിളിവ്തിലിലൂടെശൈത്യം അരിച്ചിറങ്ങുന്നു.

പണ്ട് ഞാൻ കാരണം ജയിലിലായ കള്ളൻ അന്തോണിയെ ഒന്നു കാണണം . കുട്ടക്കരച്ചിൽ നടത്തുന്ന പോക്രാച്ചി തവളകളെ തുരത്താൻ ആമ്പൽ കുളത്തിലേക്ക് ആവേശത്തോടെ കല്ലെറിയണം.

നിക്സണും ബാനുവും സിമിയുമെല്ലാം കളിക്കൂട്ടുകാരായുള്ള ബാല്യത്തിലേക്ക് എനിക്ക് തിരിച്ചു നടക്കണം.

ഹെലേനയുടെ കണ്ണുകളിൽ ചുടുകണ്ണീർ പൊടിഞ്ഞു

“ഇച്ചായ ... എനിക്ക് നാട്ടിൽ പോകണം .അമ്മാമ്മയെ കാണണം”.

ഭാര്യയുടെ ഒരു ആവശ്യ ത്തിവും എതിരു നിൽക്കാത്ത ജിക്സൺ പെരേര ഹെലേനയെ മാറോടു ചേർത്തു.നെറുകയിൽ ചുംബിച്ചു

ഫെബി ടീച്ചർ

# തിരിച്ചു വരവില്ലാത്ത

# യാത്ര

ഇന്ന് എൻ്റെ മകളുടെ വിവാഹമാണ്. നേരത്തെ എഴുന്നേൽക്കണം. എല്ലാ കാര്യങ്ങളും നല്ലതുപോലെ നടത്തണം. കാര്യങ്ങളൊക്കെ നോക്കിനടത്താൻ ഞാൻ മാത്രമേ ഉള്ളൂ. എൻ്റെ മകളുടെ വിവാഹം അത് എൻ്റെ വലിയ സ്വപ്നമാണ്. പക്ഷേ എന്താണെന്നറിയില്ല എൻ്റെ ശരീരത്തിൻ്റെ ഭാരം കൂടിക്കൂടി വരുന്നു. എനിക്ക് എഴുന്നേൽക്കാൻ സാധിക്കുന്നില്ല. എൻ്റെ

കണ്ണുകൾ തുറക്കാൻ കഴിയുന്നില്ല. ചുറ്റും ഒത്തിരി ആളുകൾ. കല്യാണം കൂടാൻ വന്നതായിരിക്കും. എന്തോ.... അറിയില്ല. എൻ്റെ മോൾ എവിടെ കാണാനില്ലല്ലോ... എന്തിനാണ് എൻ്റെ ഉമ്മ കരയുന്നത്. എനിക്കെന്താ പറ്റിയേ ഒന്നും മനസ്സിലാകുന്നില്ലല്ലോ ? കരച്ചിലിൻ്റെ ശബ്ദം എൻ്റെ ചെവിയിൽ മുഴങ്ങുകയാണ്. ഞാൻ എണീക്കാൻ ശ്രമിക്കുന്നുവെങ്കിലും എനിക്ക് സാധിക്കുന്നില്ല.

ആദ്യം ഉമ്മയുടെ ഗർഭപാത്രത്തിൽ ഒരു ബീജമായി , പിന്നീട് ഒരു ഇറച്ചി കഷ്ണമായി, പിന്നീട് അവയവങ്ങളോട് കൂടിയ ഒരു മനുഷ്യ കുഞ്ഞായി ഞാൻ ഉമ്മയുടെ ഗർഭപാത്രത്തിൽ നിന്ന് പുറത്തേക്കു വന്നു. കഷ്ടപ്പാടുകൾക്ക് ഇടയിലൂടെയാണ് ഞാൻ വളർന്നത്. എനിക്ക് 5 വയസ്സായപ്പോൾ എന്നെ മദ്രസയിൽ ചേർത്തു. എൻ്റെ ആദ്യ തുടക്കം അവിടെ നിന്നായിരുന്നു. എനിക്ക് പഠിക്കാൻ ഒത്തിരി ഇഷ്ടമായിരുന്നു. പക്ഷേ എന്നെ പഠിപ്പിക്കാൻ എൻ്റെ കുടുംബം ഒത്തിരി കഷ്ടപ്പെട്ടിരുന്നു. എനിക്കൊരു കൊച്ചനിയത്തി പിറന്നു. അതോടെ കഷ്ടപ്പാട് കൂടി. എൻ്റെ 7-10 വയസ്സിൽ ഉപ്പ മരണപ്പെട്ടു. എൻ്റെ വീട്ടിൽ ഞാനും ഉമ്മയും അനിയത്തിയും ഉമ്മുമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഉപ്പയുടെ മരണത്തോടെ ഞങ്ങളുടെ കുടുംബം ദാരിദ്ര്യത്തിൻ്റെ പടുകുഴിയിലേക്ക് വീണു.

ഞാൻ പിന്നെ ഒരു യത്തീം ആയി. അതുകൊണ്ടാവാം എനിക്ക് ഇടയ്ക്കിടെ ചിലർ പണം തരുന്നത്. എനിക്ക് 10 വയസ്സായി... ഞാൻ പള്ളിയിലെ അല്ലറചില്ലറ പണികൾ ചെയ്യാൻ തുടങ്ങി. ഉസ്താദ് എനിക്ക് കൂലി തരുമായിരുന്നു. ഞാനത് ഉമ്മാക്ക് കൊടുക്കും. അങ്ങനെയാണ് ഞങ്ങളുടെ ജീവിതം മുന്നോട്ടു പോയിരുന്നത്. അന്നൊരു പെരുന്നാൾ ദിവസമായിരുന്നു. എല്ലാവരും പുത്തൻ ഉടുപ്പിട്ട് പള്ളിയിലേക്ക് പോകുമ്പോൾ എനിക്കുമാത്രം ഡ്രസ്സ് ഇല്ലാതെ പഴയത് വിട്ടു ഞാൻ പോയി. നിസ്കാരമൊക്കെ കഴിഞ്ഞതിന് ശേഷം ഞാൻ വീട്ടിലേക്ക് മടങ്ങാൻ നിൽക്കുവായിരുന്നു അപ്പോഴാണ് ഉസ്താദ് എനിക്കുനേരെ ഒരു പൊതി നീട്ടിയത്. ഞാനതു വാങ്ങി. അതിൽ ബിരിയാണി ആയിരുന്നു. എന്നോടട് അത് കഴിക്കാൻ പറഞ്ഞു. പക്ഷേ ഞാൻ അത് എൻറെ കുഞ്ഞ് അനിയത്തിക്ക് കൊണ്ടുകൊടുത്തു. അവളത് സന്തോഷപൂർവ്വം കഴിച്ചു.

അങ്ങനെ ഒത്തിരി നാളുകൾ കടന്നുപോയി.... എനിക്ക് 20 വയസ്സായി. ഞാൻ നല്ലൊരു ജോലിക്കായി വിദേശത്തുപോയി. അതുകൊണ്ടാവാം ജീവിതം കുറച്ചൊന്ന് മെച്ചപ്പെട്ടു. അനുജത്തിയുടെ വിവാഹം കഴിഞ്ഞു. അവളിപ്പോൾ സന്തോഷത്തോടെ കഴിയുന്നു. അങ്ങനെ 6 വർഷം കടന്നുപോയി. എൻറെ ഉമ്മമ്മ മരണപ്പെട്ടു. എനിക്ക് 26 വയസ്സായി. എൻറെ വിവാഹം നടക്കാൻ എൻറെ ഉമ്മ എന്നെ നിർബന്ധിച്ചു. എൻറെ ഉമ്മ എനിക്കുവേണ്ടി നല്ലൊരു പെൺകുട്ടിയെയാണ് കണ്ടെത്തിയത്.

എൻറെ വിവാഹം നല്ല രീതിയിൽ നടന്നു. എനിക്കൊരു പെൺകുഞ്ഞ് ഉണ്ടായി. ഞാൻ തിരിച്ച് വീണ്ടും വിദേശത്തേക്കു പോയി. ഒത്തിരി സമ്പാദിച്ചു. ഒരു വീടു വെച്ചു. പ്രായം അധികമായി, ജോലി ചെയ്യാൻ വയ്യാതെയായി. ഞാൻ നാട്ടിൽ ഒരു ചെറിയ കട ഇട്ടു. അതും നല്ല രീതിയിൽ നടന്നുപോയി. എൻറെ മകൾക്ക് വിവാഹപ്രായമായി. വിവാഹം ഉറപ്പിച്ചു. ഇന്നാണ് അവളുടെ വിവാഹം. പക്ഷേ.... എന്തിനാണ് എന്നറിയില്ല. എല്ലാവരും കരയുകയാണ്. എന്നെ ഇതാ വെള്ള തുണികളിൽ പൊതിഞ്ഞിരിക്കുന്നു. ചുറ്റും ആളുകൾ ഇരുന്ന് ഓതുന്നു , കരയുന്ന എനിക്ക് സങ്കടം പിടിച്ചു നിർത്താൻ ആവുന്നില്ല, Allah...... എനിക്ക് എന്താണ് സംഭവിച്ചത്. ഒന്നും മനസ്സിലാവുന്നില്ല. എനിക്ക് എഴുന്നേൽക്കാനും സാധിക്കുന്നില്ല..... ഒന്നും മിണ്ടാനും സാധിക്കുന്നില്ല...... എൻറെ മകളുടെ വിവാഹം അല്ലേ....... പിന്നെ എന്തിനാണ് ഇവർ കരയുന്നത്. ഒന്നും മനസ്സിലാകുന്നില്ലല്ലോ. ആരും ഒന്നും മിണ്ടുന്നില്ല.......

ഷിയാ നസ്രിൻ
10D

# SCHOOL QR CODE




-BY
VIJAY SAGAR
9B




- By

Anamika K.H
8B



-BY
ANAMIKA K. H





**AS A PART OF THE 'PRATHIBHA ADHARIKAL' PROGRAM FACILITATED BY THE DEPARTMENT OF EDUCATION .**
**WE HONOURED SRI K . U CHAKKUNNI , A WRITER IN OUR LOCALITY. HE IS A MULTI FACETED PERSONALITY.**
**HIS COLLECTION OF FOLK LORE HAS BEEN INCLUDED IN THE ' PAZHAMOZHI' COLLECTION TITLED ' KERALATHINTE PAZHAMOZHIKAL' WHICH IS ENLISTED IN THE LIBRARY AT THIRUVANANTHAPURAM. HE HAS ALSO DONATED 150 BOOKS TO OUR SCHOOL LIBRARY**

# RED CROSS







# SCOUT





# DIGITAL POOKALAM COMPETITION












little
KITE



# സ്കൂൾ വാർഷികം


Applications Places
10:38 AM
WhatsApp Video 2020-01-27 at 1.41.38 PM.mp4 - VLC media player
Media Playback Audio Video Subtitle Tools View Help
പെരുമ്പിലാവ്
ST. JOSEPH'S & ST. CYRIL'S
HIGHER SECONDARY SCHOOL
സ്വാഗതം
CCTV
www.cctvonline.tv
00:03
01:46
115%

# SPORTS









# SCHOOL ACTIVITIES



# AGRICULTURAL CLUB





# DRUG ABUSE RALLY





# അമ്മ

വർഷങ്ങൾ കഴിഞ്ഞു പോയിരിക്കുന്നു . നാളെ ഞാൻ നാട്ടിലേക്ക് മടങ്ങുകയാണ് . അമ്മ കത്തുകൾ എഴുതി അയക്കുമായിരുന്നു.എല്ലാം ഞാൻ വായിച്ചിട്ടുമുണ്ട് . എന്നാൽ അതിനൊന്നും മറുപടി ഇതുവരെ എഴുതാൻ കഴിഞ്ഞിട്ടുമില്ല .അമ്മയുടെ ഓരോ കത്തിലും ഒരു ചോദ്യം ഉണ്ടാകുമായിരുന്നു "എന്നാണ് നീ വരുന്നതെന്ന് "

എനിക്ക് എന്റെ നാടും വീടുമായിരുന്നു എല്ലാം . കടങ്ങൾ കൊണ്ട് നിറഞ്ഞ ജീവിതമായിരുന്നതുകൊണ്ട് അത്ര സന്തോഷത്തിലായിരുന്നില്ല . ഞങ്ങൾ ആ പ്രശ്നങ്ങൾക്കിടയിൽ അമ്മയെയും എന്നെയും ഒറ്റക്കാക്കി അച്ഛൻ പോയി . കടങ്ങൾ കൊണ്ട് തീർക്കാൻ വേണ്ടി അമ്മയുടെ നിർബന്ധ പ്രകാരമാണ് ഗൾഫിലേക്ക് പോയത് . വർഷങ്ങൾ കഴിഞ്ഞിരുന്നു ഞാൻ ഇവിടെ വന്നിട്ട് . നാട്ടിലെ കടങ്ങൾ എല്ലാം തീർന്നു . അമ്മ ഒറ്റയ്ക്കാണ് തിരിച്ചു പോകണം . പക്ഷേ എന്താണെന്നറിയില്ല . രണ്ടു മൂന്നു മാസമായി അമ്മയുടെ കത്തുകളൊന്നും വരുന്നില്ല . ഞാൻ അമ്മയ്ക്ക് ഒരു കത്ത് എഴുതിയിരുന്നു "നാളെ ഞാൻ അമ്മയുടെ അടുത്തേക്ക് വരുമെന്ന് ".

എന്റെ കൂടെ ഇവിടെ ഉള്ളതിൽ ഒരാൾ അച്ചന്റെ കൂട്ടുകാരന്റെ മകനാണ്. നാട്ടിൽ ഉള്ളതാണ്. അവന് ഒരു കത്ത് വന്നിട്ടുണ്ട്. കത്തു വായിച്ച ശേഷം അവൻ എന്നെ നോക്കിക്കൊണ്ട് വിതുമ്പലോടെ തേങ്ങിക്കരഞ്ഞു . കാരണം ഞാൻ തിരക്കിയപ്പോൾ അവൻ മറുപടിയൊന്നും പറഞ്ഞില്ല . കുറച്ചുനേരം കഴിഞ്ഞ് അവൻ പുറത്തേക്ക് പോയി . ഞാൻ നാട്ടിലെ ഓരോ കാര്യങ്ങൾ ഓർത്തു കൊണ്ടിരിക്കുകയാണ്. വീടിനു പിറകു വശത്തുള്ള തേന്മാവും , വീടിനു മുൻവശത്തെ പുറത്തേക്കുള്ള വഴിയുടെ രണ്ടു വശത്തെ വയലും , പിന്നെ നാട്ടിലെ കൂട്ടുക്കാരെയും .അങ്ങനെ ഓരോരോ കാര്യങ്ങളോർത്ത് ഞാൻ ഉറക്കത്തിലേക്കാണ്ടുപോയി .

ഇന്ന് ഞാൻ നാട്ടിലേക്ക് പോവുകയാണ് .

വിമാനത്തിൽ കയറി . എയർപോട്ടിൽ ചെന്നിറങ്ങി . ഒരു ടാക്സി വിളിച്ച് നാട്ടിലേക്ക് . വീടിനു മുൻമ്പിൽ ടാക്സി നിർത്തി . വീട്ടിൽ ആകെ ആളും ബഹളവും . ടാക്സിയിൽ നിന്നിറങ്ങി പൈസ കൊടുത്ത് ടാക്സിക്കാരനെ പറഞ്ഞുവിട്ടു എന്നിട്ട് വീടിൻെറ മുറ്റത്തേക്ക് നടന്നുനീങ്ങി . ആകെ കരച്ചിൽ , എന്താണ് കാര്യമെന്നറിയാതെ ഞാൻ അകത്തേക്ക് കയറി . അമ്മ **?**

അമ്മ എന്നെ വിട്ടുപോയിരിക്കുന്നു . അന്ന് ഗൾഫിൽ ആയിരുന്നപ്പോൾ കൂട്ടുകാരനു വന്ന കത്ത് അമ്മയുടെ മരണത്തെക്കുറിച്ചുള്ളതായിരുന്നു . ചടങ്ങുകളെല്ലാം കഴിഞ്ഞു . ഇനി ഞാൻ ഈ വീട്ടിൽ ഒറ്റയ്ക്കാണ് . ഇനി അമ്മയുടെ ഓർമകൾ മാത്രമാണ് എനിക്ക് കൂട്ടായി ഉണ്ടാവുക...........

ശ്രീഭദ്ര

***9A***

# ഗണിത ക്വിസ്സ്

1.ജീവിത വിജയം നേടാൻ ഗണിതം എങ്ങനെ ഉപയോഗിക്കാം?

ഉ..സന്തോഷങ്ങൾ കൂട്ടുക{+}

ദു:ഖങ്ങൾ കുറക്കുക{-}

സൗഹൃദങ്ങൾ ഗുണിക്കുക{*}

വിദ്വേഷങ്ങൾ ഹരിക്കുക{/}

2.ഏത് സാഹചര്യത്തെയും നേരിടാൻ പ്രാപ്തമായ ഗണിത സൂത്രം?

ഉ.POSITIVE ATTITUDE


ATTITUDE=1+20+20+19+20+21+4+5=100

3.ഭാഷയിൽ വിപരീതവും ജീവിതത്തിൽ സമാന്തരവുമായ ചില പദങ്ങൾ

| | |
|---|---|
| ഉ.സന്തോഷം * ദു:ഖം | സന്തോഷം //ദു:ഖം |
| വിജയം *പരാജയം | വിജയം// പരാജയം |
| മിത്രം *ശത്രു | മിത്രം //ശത്രു |
| ഉയർച്ച *താഴ്ച്ച | ഉയർച്ച //താഴ്ച്ച |

4. സ്കൂൾ പ്രവർത്തനങ്ങൾ 100%  വിജയത്തിലെത്താൻ വേണ്ട ഗണിത സൂത്രത്തിന്റെ ചിത്രാവിഷ്കാരം?

ഉ.



5. ഭരണഘടനയനുസരിച്ച് രണ്ട് ഘടകങ്ങളുടെ തുകയാണ്

ഒരു വിദ്യാർത്ഥിയുടെ [വ്യക്തിയുടെ] വിജയം

പൂർണമാക്കുന്നത് അവ ഏവ?

ഉ. അവകാശങ്ങൾ + കടമകൾ = വിജയം

ടീച്ചർ അമ്പിളി

# അണിയറയിൽ

SAMJOY
JIBIN BINOY
VIJAYSAGAR
ATHUL KRISHNA PRASAD
SOORAJ
VYSHNAV
SHINE
RIZWAN
SAWRAV
ANTO
ALBIN
ANAND KRISHNA
GOUTHAM
ANAKHA
SHIBILA
HAFEELA
SANA NASRIN
THRISHNA
VISHNU
MOHAMMED JASEEL
ATHUL KRISHNA  A. C
VISHNUDATH C VINOD
AMRITHESHWAR
AZAD V. B


Thank you